**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4052

25.06..2014-ലെ മറുപടിയ്ക്ക്

**അന്യസംസ്ഥാന തൊഴിലാളികൾ മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ**

| ചോദ്യം<br>ശ്രീ. ഇ. കെ. വിജയൻ | മറുപടി<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) അന്യസംസ്ഥാന തൊഴിലാളികളുടെ കടന്നു വരവ് ആരോഗ്യമേഖലയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അന്യസംസ്ഥാന തൊഴിലാളികളുടെ കടന്നു വരവ്, ചില സ്ഥലങ്ങളിൽ, ആരോഗ്യമേഖലയിൽ പ്രശ്നങ്ങൾ ഉളവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇത്തരം തൊഴിലാളികൾ അധിവസിക്കുന്ന ക്യാമ്പുകളിൽ സംസ്ഥാനത്തു നിന്നും ഉന്മൂലനം ചെയ്ത പല രോഗങ്ങളും പ്രത്യക്ഷപ്പെടുവാൻ തുടങ്ങിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ------------------------------------------------<br>(ബി) ഉന്മൂലനം ചെയ്ത രോഗങ്ങൾ അന്യ സംസ്ഥാന തൊഴിലാളി ക്യാംപുകളിൽ പ്രത്യക്ഷപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) രോഗവാഹകരായ അന്യസംസ്ഥാന തൊഴിലാളികളെ അതിർത്തിയിൽ വെച്ചു തന്നെ പരിശോധിച്ച് തിരിച്ചയക്കുന്നതിന് നടപടി സ്വീകരിക്കുമോ? | അന്യസംസ്ഥാന തൊഴിലാളികളെ, കേരളത്തിലെ എല്ലാ ജില്ലകളിലേയും ആരോഗ്യ കേന്ദ്രങ്ങളും, ആശുപത്രികളും വഴി പരിശോധിച്ച് തുടർനടപടികൾ എടുത്തുവരുന്നുണ്ട്. ആയതിനാൽ അവരെ അതിർത്തിയിൽ വച്ചുതന്നെ പരിശോധിച്ച് തിരിച്ചയക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ